# PAPER-II
# MALAYALAM

**Signature and Name of Invigilator**

1. (Signature) __________________________
   (Name) ____________________________
2. (Signature) __________________________
   (Name) ____________________________

OMR Sheet No. : .............................................
(To be filled by the Candidate)

Roll No. | | | | | | | | |

(In figures as per admission card)

Roll No.________________________________
(In words)

**D 2 2 1 4**

Time : $1\ ^1/_4$ hours] [Maximum Marks : **100**

Number of Pages in this Booklet : **12** Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the Question Booklet will be replaced nor any extra time will be given.**
   (iii) After this verification is over, the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the circle as indicated below on the correct response against each item.
   **Example :** Ⓐ Ⓑ ● Ⓓ
   where (C) is the correct response.
5. Your responses to the items are to be indicated in the **OMR Sheet given inside the Paper I Booklet only.** If you mark at any place other than in the circle in the OMR Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your Name, Roll Number, Phone Number or put any mark on any part of the OMR Sheet, except for the space allotted for the relevant entries, which may disclose your identity, or use abusive language or employ any other unfair means such as change of response by scratching or using white fluid, you will render yourself liable to disqualification.
9. You have to return the test question booklet and Original OMR Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall. You are, however, allowed to carry original question booklet and duplicate copy of OMR Sheet on conclusion of examination.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is no negative marks for incorrect answers.**

## परीक्षार्थियों के लिए निर्देश

1. इस पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए ।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं ।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी । पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे, जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें । खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें ।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं । दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात् किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें । इसके लिए आपको पाँच मिनट दिये जायेंगे । उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा ।**
   (iii) इस जाँच के बाद OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें ।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं । आपको सही उत्तर के वृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है ।
   **उदाहरण :** Ⓐ Ⓑ ● Ⓓ
   जबकि (C) सही उत्तर है ।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये OMR पत्रक पर ही** अंकित करने हैं । यदि आप OMR पत्रक पर दिये गये वृत्त के अलावा किसी अन्य स्थान पर उत्तर चिह्नांकित करते हैं, तो उसका मूल्यांकन नहीं होगा ।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें ।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें ।
8. यदि आप OMR पत्रक पर नियत स्थान के अलावा अपना नाम, रोल नम्बर, फोन नम्बर या कोई भी ऐसा चिह्न जिससे आपकी पहचान हो सके, अंकित करते हैं अथवा अभद्र भाषा का प्रयोग करते हैं, या कोई अन्य अनुचित साधन का प्रयोग करते हैं, जैसे कि अंकित किये गये उत्तर को मिटाना या सफेद स्याही से बदलना तो परीक्षा के लिये अयोग्य घोषित किये जा सकते हैं ।
9. आपको परीक्षा समाप्त होने पर प्रश्न-पुस्तिका एवं मूल OMR पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें । हालांकि आप परीक्षा समाप्ति पर मूल प्रश्न-पुस्तिका तथा OMR पत्रक की डुप्लीकेट प्रति अपने साथ ले जा सकते हैं ।
10. **केवल नीले/काले बाल प्वाईंट पेन का ही इस्तेमाल करें ।**
11. **किसी भी प्रकार का संगणक (कैलकुलेटर) या लाग टेबल आदि का प्रयोग वर्जित है ।**
12. **गलत उत्तरों के लिए कोई नकारात्मक अंक नहीं हैं ।**

## മലയാളം

## MALAYALAM

## Paper – II

**Note :** This paper contains **fifty (50)** objective type questions, each question carrying **two (2)** marks. Attempt **all** the questions.

ഈ ചോദ്യക്കടലാസ്സിൽ **അമ്പത്** (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും **രണ്ട്** (2) മാർക്ക്. ഉത്തരക്കടലാസ്സിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. **എല്ലാ** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

1. പൂർവ കേരള ഭാഷ എന്ന ഗ്രന്ഥം ചർച്ച ചെയ്യുന്നത്
   (A) മലയാള ഭാഷോത്ഭവ സിദ്ധാന്തങ്ങൾ മാത്രം
   (B) മലയാളത്തിന്റെ തമിഴ് ബന്ധത്തെപ്പറ്റി മാത്രം
   (C) മലയാള ഭാഷാചരിത്രത്തിന്റെ പൂർവഖണ്ഡം മാത്രം
   (D) സംസ്കൃത സമാവേശത്തിന്റെ ചരിത്രം മാത്രം

2. പോർച്ചുഗീസുകാരുടെ വരവിനു ശതാബ്ദങ്ങൾക്കു മുമ്പുണ്ടായിരുന്ന ഭാഷയുടെ പ്രാക്തനതമ രൂപമാണ് രാമചരിത ഭാഷയുടേത് എന്ന് അഭിപ്രായപ്പെട്ടത്
   (A) ഹെർമ്മൻ ഗുണ്ടർട്ട് (B) ആർ. ഇ. ആഷർ
   (C) നടുവട്ടം ഗോപാലകൃഷ്ണൻ (D) എം. എം. പുരുഷോത്തമൻ നായർ

3. ചേരിപ്പാട്ടിന്റെ ആദ്യവരി ചെറുതാക്കിയാൽ ചെറുചേരിയും കാലക്രമത്തിൽ ചെറുശ്ശേരിയുമായി എന്ന അഭിപ്രായം
   (A) ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായർ
   (B) പി. കെ. നാരായണപിള്ള
   (C) പാട്ടത്തിൽ പത്മനാഭ മേനോൻ
   (D) കുണ്ടൂർ നാരായണ മേനോൻ

4. 'സന്ദർഭേസംസ്കൃതീ കൃതാച' എന്നതിലെ സന്ദർഭം
   (A) കാവ്യനാടകാദി വിശേഷ വ്യവഹാരം (B) കൂത്തിൽ മാത്രം
   (C) കാവ്യങ്ങളിൽ മാത്രം (D) മണിപ്രവാള നാടകങ്ങളിൽ മാത്രം

5. ചേരുംപടി ചേർക്കുക.

| **പട്ടിക – I** | **പട്ടിക – II** |
|---|---|
| a. വേട്ടക്കൊരു മകൻ : പുരാവൃത്തവും അനുഷ്ഠാനവും | 1. കാവാലം വിശ്വനാഥ കുറുപ്പ് |
| b. എടനാടൻ പാട്ട് | 2. പി. ആന്റണി |
| c. പയ്യന്നൂർ പാട്ട് | 3. വൈ. വി. കണ്ണൻ |
| | 4. കെ. ആർ. സജിത |
| d. കുട്ടനാടിന്റെ തനിമയും പാട്ടുകളും | 5. സി. എച്ച്. കുഞ്ഞിരാമൻ നമ്പ്യാർ |

   (A) a 2, b 3, c 4, d 1 (B) a 3, b 4, c 2, d 1
   (C) a 1, b 3, c 4, d 5 (D) a 3, b 2, c 1, d 5

6. തുയിലുണർത്തുപാട്ട് പാടുന്നത്
   (A) പറയർ (B) പുലയർ
   (C) പാണർ (D) മുക്കുവർ

7. ആദ്യം അച്ചടിയിലെത്തിയ ദീർഘമായ മലയാള ഗദ്യകൃതി
   (A) കേരളോല്പത്തി (B) സംക്ഷേപ വേദാർത്ഥം
   (C) കേരളപ്പഴമ (D) വേദതർക്കം

8. ഭാഷാകൗടലീയത്തിന്റെ സ്വഭാവം
(A) സംസ്കൃത കൗടിലീയത്തിന്റെ സമ്പൂർണ്ണ വിവർത്തനം
(B) കേരളീയഭാഷ്യം
(C) സ്വതന്ത്ര മലയാള വിവർത്തനം
(D) വ്യാഖ്യാനം

9. **കാര്യം** : ശാസന ഭാഷയെ സംബന്ധിച്ചുള്ള സി.എൽ. ആന്റണിയുടെ അഭിപ്രായം ഭാഷാസംക്രമണവാദം എന്നറിയപ്പെടുന്നു.
**കാരണം :** 1. ഔദ്യോഗിക ഭാഷയായ തമിഴിലേക്ക് നാട്ടുഭാഷയായ മലയാളം നുഴഞ്ഞുകയറി ഉണ്ടായ ശൈഥില്യമാണ് ശാസന ഭാഷയിൽ കാണുന്നത്.
2. തമിഴും സംസ്കൃതവും ചേർന്ന സങ്കര ഭാഷയാണ് ശാസനങ്ങളിൽ കാണുന്നത്.
3. തമിഴ് മലയാളമായി പരിണമിക്കുന്നതിന്റെ പടവുകളാണ് ശാസന ഭാഷയിൽ കാണുന്നത്.
(A) കാര്യവും കാരണം 1 മാത്രവും ശരി.
(B) കാര്യവും എല്ലാ കാരണങ്ങളും ശരി.
(C) കാര്യവും കാരണം 2 മാത്രവും ശരി.
(D) കാര്യവും കാരണം 3 മാത്രവും ശരി.

10. ബ്രഹ്മസ്വമായതും ദേവസ്വമായതും
നിർമ്മരിയാദമടക്കിനാനേറ്റവും – ഏതു കൃതിയിൽ നിന്ന്
(A) ബ്രഹ്മാണ്ഡ പുരാണം (B) ഭാരതമാല
(C) ഭാരതം കിളിപ്പാട്ട് (D) ഇരുപത്തിനാലു വൃത്തം

11. കുസുമചയ സുരഭിയൊടു പവനനതിഗൂഢമായ്
കൂടെത്തടഞ്ഞു കൂട്ടിക്കൊണ്ടു പോയുടൻ – ഈ വരികൾ ഏതു കാണ്ഡത്തിൽ ?
(A) ബാലകാണ്ഡം (B) ആരണ്യകാണ്ഡം
(C) യുദ്ധകാണ്ഡം (D) സുന്ദരകാണ്ഡം

12. ഏകലോചനം എന്ന അഭിനയ സാധ്യത ഏത് ആട്ടക്കഥയിൽ
(A) ദക്ഷയാഗം (B) ഉത്തരാസ്വയംവരം
(C) കിർമ്മീരവധം (D) കാലകേയവധം

13. രചനാശൈലിയും പാരമ്പര്യവും പരിഗണിച്ചാൽ കോട്ടയം കഥകളുടെ രചനാക്രമം
(A) ബകവധം, കല്യാണസൗഗന്ധികം, കിർമ്മീരവധം, നിവാതകവചകാലകേയവധം
(B) കല്യാണസൗഗന്ധികം, ബകവധം, കിർമ്മീരവധം, നിവാതകവചകാലകേയവധം
(C) ബകവധം, കിർമ്മീരവധം, കല്യാണസൗഗന്ധികം, നിവാതകവചകാലകേയവധം
(D) കല്യാണസൗഗന്ധികം, ബകവധം, നിവാതകവചകാലകേയവധം, കിർമ്മീരവധം

14. കൂത്തിന്റെയും കൂടിയാട്ടത്തിന്റെയും ചിത്രം കാലവർഷ വർണ്ണനയിൽ ഉൾച്ചേർത്ത പ്രാചീന കവി
(A) ചീരാമൻ (B) മഴമംഗലം
(C) കണ്ണശ്ശൻ (D) ദാമോദരചാക്യാർ

15. ചാവറയച്ചന്റെ കൃതികൾ
1. ആത്മാനുതാപം, 2. നല്ല അപ്പന്റെ ചാവരുൾ, 3. പുത്തൻപാന, 4. മോക്ഷപർവം
(A) 1ഉം 2ഉം ശരി (B) 1ഉം 3ഉം ശരി
(C) 2ഉം 4ഉം ശരി (D) 1ഉം 3ഉം ശരി

**16.** **കാര്യം** : മലയാളം എന്ന ഭാഷാനുഭവത്തിന്റെ വലിപ്പം കൂട്ടിയ കൃതിയാണ് വർത്തമാനപ്പുസ്തകം.

**കാരണം** : 1. എഴുത്തുകാരന്റെ ആത്മഭാവങ്ങൾ കലർന്ന ആദ്യത്തെ മലയാള ഗദ്യകൃതിയാണ് വർത്തമാനപ്പുസ്തകം.

2. അന്നത്തെ നാട്ടുമലയാളത്തിന്റെ ശേഖരമായ കൃതിയിൽ കൃസ്ത്യാനികളുടെ വാമൊഴിയിൽ മാത്രമുണ്ടായിരുന്ന വാക്കുകൾ കൂടി കടന്നു വന്നിരിക്കുന്നു.

(A) കാര്യവും കാരണം 1 ഉം ശരി. (B) കാര്യവും രണ്ടു കാരണങ്ങളും ശരി.
(C) കാര്യം ശരി രണ്ടു കാരണങ്ങളും തെറ്റ്. (D) കാര്യവും കാരണം 2 മാത്രവും ശരി.

**17.** ചേരുംപടി ചേർക്കുക.

| പട്ടിക – I | പട്ടിക – II |
|---|---|
| a. ശബ്ദതാരാവലി | 1. ബി.സി. ബാലകൃഷ്ണൻ |
| b. നവയുഗഭാഷാ നിഘണ്ടു | 2. ടി. രാമലിംഗം പിള്ള |
| c. പുരാണിക് എൻസൈക്ലോപിഡിയ | 3. ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള |
| | 4. ആർ. നാരായണപ്പണിക്കർ |
| d. ശൈലി നിഘണ്ടു | 5. വെട്ടം മാണി |

(A) a 2, b 3, c 4, d 1 (B) a 1, b 3, c 4, d 5
(C) a 3, b 2, c 4, d 1 (D) a 3, b 4, c 5, d 2

**18.** ഉത്ഭവകാലമനുസരിച്ച് ശരിയായ ക്രമമേത് ?

(A) രാജ്യസമാചാരം, വിദ്യാസംഗ്രഹം, സന്ദിഷ്ടവാദി, സത്യനാദകാഹളം
(B) വിദ്യാസംഗ്രഹം, രാജ്യസമാചാരം, സന്ദിഷ്ടവാദി, സത്യനാദകാഹളം
(C) സത്യനാദകാഹളം, വിദ്യാസംഗ്രഹം, രാജ്യസമാചാരം, സന്ദിഷ്ടവാദി
(D) രാജ്യസമാചാരം, സന്ദിഷ്ടവാദി, വിദ്യാസംഗ്രഹം, സത്യനാദകാഹളം

**19.** കേരളവർമ്മയുടെ മണിപ്രവാള ശാകുന്തളത്തിന്റെ ആദ്യത്തെ പേര്

(A) ഭാഷാ ശാകുന്തളം (B) കേരളീയ ശാകുന്തളം
(C) കേരളീയ ഭാഷാ ശാകുന്തളം (D) കേരള ശാകുന്തളം

**20.** ചട്ടമ്പി സ്വാമികളുടേതല്ലാത്ത കൃതി

(A) ക്രിസ്തുമതസാരം (B) വിഷയവൈരാഗ്യം
(C) ക്രിസ്തുമതഛേദനം (D) വേദാധികാരനിരൂപണം

**21.** വെണ്മണിക്കവികൾ മുഖ്യമായും ഉപയോഗിച്ചത്

(A) ദ്രാവിഡ വൃത്തങ്ങൾ (B) സ്രഗ്ധര
(C) മഞ്ജരി (D) സംസ്കൃത വൃത്തങ്ങൾ

**22.** ചേരുംപടി ചേർക്കുക.

| പട്ടിക – I | പട്ടിക – II |
|---|---|
| a. കവി പുഷ്പമാല | 1. മൂലൂർ പത്മനാഭപ്പണിക്കർ |
| b. കവി മൃഗാവലി | 2. കുഞ്ഞിക്കുട്ടൻ തമ്പുരാൻ |
| c. കവി ഭാരതം | 3. നടുവം മഹൻ |
| | 4. വെണ്മണി മഹൻ |
| d. കവി രാമായണം | 5. ഒടുവിൽ കുഞ്ഞിക്കൃഷ്ണ മേനോൻ |

(A) a 4, b 5, c 2, d 1 (B) a 5, b 2, c 3, d 4
(C) a 1, b 5, c 3, d 2 (D) a 1, b 5, c 2, d 3

23. ഉമാകേരളത്തിന്റെ അനന്യത

1. പുരുഷ കേന്ദ്രിതമായ മഹാകാവ്യ ലക്ഷണത്തിന്റെ നിരാസം
2. തിരുവിതാംകൂർ ചരിത്രം പ്രമേയമാക്കി

(A) 1 മാത്രം ശരി (B) 1ഉം 2ഉം ശരി
(C) 2 മാത്രം ശരി (D) 1ഉം 2ഉം ശരിയല്ല

24. എഴുത്തച്ഛന്റെ ആദ്ധ്യാത്മ രാമായണം പോലെ സ്വതന്ത്രമായി ഏ.ആർ. രാജരാജവർമ്മ തർജ്ജമ ചെയ്ത സംസ്കൃത നാടകം

(A) മലയാള ശാകുന്തളം (B) മാളവികാഗ്നിമിത്രം
(C) സ്വപ്നവാസവദത്തം (D) ചാരുദത്തം

25. **കാര്യം** : ആശാന്റെ മറ്റു നായികമാരിൽ നിന്നും വ്യത്യസ്തയാണ് മാതംഗി.

**കാരണം** : 1. കീഴാള വംശജയാണ്.
2. ഏറെക്കുറെ നിശ്ശബ്ദയാണ്.
3. പ്രണയിനിയാണ്.
4. സുന്ദരിയാണ്.

(A) കാര്യം ശരി കാരണം 1ഉം 2ഉം ശരി.
(B) കാര്യം ശരി കാരണം 3ഉം 4ഉം ശരി.
(C) കാര്യം ശരി കാരണം 2ഉം 4ഉം ശരി.
(D) കാര്യം ശരി കാരണം 1ഉം 4ഉം ശരി.

26. പ്രസിദ്ധീകരണ വർഷക്രമത്തിൽ എഴുതിയത്

(A) ലീല, നളിനി, പ്രരോദനം, ദുരവസ്ഥ (B) ലീല, പ്രരോദനം, നളിനി, ദുരവസ്ഥ
(C) നളിനി, ലീല, പ്രരോദനം, ദുരവസ്ഥ (D) ദുരവസ്ഥ, നളിനി, ലീല, പ്രരോദനം

27. ഇടശ്ശേരിയുടേതല്ലാത്ത രചന

(A) ലവണാസുരവധത്തിലെ ഹനുമാൻ (B) വിലങ്ങനിൽ
(C) പണിമുടക്കം (D) മുള്ളൻ ചീര

28. ചേരുംപടി ചേർക്കുക.

| **പട്ടിക – I** | **പട്ടിക – II** |
|---|---|
| a. അക്കിത്തം | 1. നാണത്താൽ ചെറുതായ്ത്താനാ-<br>ക്കൈവെള്ളയിലൊതുങ്ങിടും<br>ചെറുനാരങ്ങ പോലവേ |
| b. വൈലോപ്പിള്ളി | 2. സ്നേഹത്തിൽ നിന്നില്ലല്ലോ<br>മറ്റൊന്നും ലഭിച്ചീടാൻ<br>സ്നേഹത്തിൽ ഫലം സ്നേഹം<br>ജ്ഞാനത്തിൽ ഫലം ജ്ഞാനം |
| c. ഒളപ്പമണ്ണ | 3. അതാ വിളർത്തുപോയ് ബാല<br>മനസ്സിൻ ശോണഭാവന |
| | 4. പേടിയെ വിട്ടിഹ മറ്റൊന്നിനെയും<br>പേടിക്കാനില്ലുലകത്തിൽ |
| d. ശങ്കരക്കുറുപ്പ് | 5. മദിപ്പിക്കും കനിക്കിനാവുകൾ കാട്ടി<br>കൊതിപ്പിക്കും പക്ഷേ കൊടുക്കുകല്ലവൾ |

(A) a 3, b 5, c 1, d 2 (B) a 5, b 2, c 1, d 3
(C) a 1, b 5, c 2, d 3 (D) a 3, b 4, c 2, d 5

29. **കാര്യം** : ഭാരതീയ കവിതയിലെ പ്രതിരോധ പാരമ്പര്യത്തിൽ പെയ്കയിൽ അപ്പച്ചനും സഹോദരൻ അയ്യപ്പനും തക്കഇടം കിട്ടാതെ പോയി.

**കാരണം** : 1. അവർ മുഖ്യധാരയിലെ രസ-ധ്വനി-ഔചിത്യ നിദ്ധാന്തങ്ങളെ ഗൗനിച്ചവരല്ല.

2. അവർ അവതരിപ്പിക്കുന്ന കീഴാള-സ്ത്രീ പ്രതിരോധ ധാരകളിലെ ബഹിഷ്കൃതത്വം വ്യത്യസ്തമാണ്.

(A) കാര്യവും കാരണം 1ഉം ശരി.
(B) കാര്യവും കാരണം 2ഉം ശരി.
(C) കാര്യവും രണ്ടു കാരണങ്ങളും ശരി.
(D) കാര്യം ശരി കാരണങ്ങൾ തെറ്റ്.

30. കേസരിയുടെ പ്രസ്ഥാനഭ്രമവും മുണ്ടശ്ശേരിയുടെ വിപ്ലവഭ്രാന്തിയും മാരാരുടെ ധാർമ്മിക വിഭ്രാന്തിയും അവർക്കുതന്നെ വിനയായിത്തീർന്നത് പിൻഗാമികൾക്ക് ഒരു പാഠമാകാതിരിക്കുമോ ? ഈ ചോദ്യം ആരുടെ ?

(A) വി. സി. ശ്രീജൻ
(B) അയ്യപ്പപ്പണിക്കർ
(C) നരേന്ദ്രപ്രസാദ്
(D) കെ. പി. അപ്പൻ

31. ചേരുംപടി ചേർക്കുക.

| പട്ടിക – I | പട്ടിക – II |
|---|---|
| a. എന്റെ കലാജീവിതം | 1. പി. ജെ. ആന്റണി |
| b. ഒരു നടന്റെ കഥ | 2. കുഞ്ഞുകുഞ്ഞു ഭാഗവതർ |
| c. എന്റെ ജീവിതകഥ | 3. എസ്. പി. പിള്ള |
| | 4. എൻ. എൻ. പിള്ള |
| d. എന്റെ നാടക സ്മരണകൾ | 5. ആർട്ടിസ്റ്റ് പി. ജെ. ചെറിയാൻ |

(A) a 5, b 2, c 3, d 1
(B) a 4, b 2, c 3, d 1
(C) a 5, b 2, c 1, d 4
(D) a 5, b 2, c 4, d 3

32. കെ. സുരേന്ദ്രന്റെ കൃതികൾ നാലു ഗണമായി തിരിച്ചിരിക്കുന്നു. ഏറ്റവും ചേർച്ചയുള്ള ഗണം ഏത് ?

(A) കുമാരനാശാൻ, ഗുരു, താളം
(B) നോവൽ സ്വരൂപം, കുമാരനാശാൻ, താളം
(C) ടോൾസ്റ്റോയ്, ദസ്തയോവ്സ്കി, കുമാരനാശാൻ
(D) ജ്വാല, ഗുരു, കുമാരനശാൻ

33. ശരിയായക്രമം ഏത് ?

(A) കേരള ഭാഷാസാഹിത്യ ചരിത്രം, മലയാള സാഹിത്യ ചരിത്ര സംഗ്രഹം, മലയാള ഭാഷാ ചരിത്രം, ഭാഷാസാഹിത്യ ചരിത്രം
(B) ഭാഷാസാഹിത്യ ചരിത്രം, മലയാള സാഹിത്യ ചരിത്ര സംഗ്രഹം, മലയാള ഭാഷാ ചരിത്രം, കേരള ഭാഷാസാഹിത്യ ചരിത്രം
(C) കേരള ഭാഷാസാഹിത്യ ചരിത്രം, മലയാള ഭാഷാ ചരിത്രം, ഭാഷാസാഹിത്യ ചരിത്രം, മലയാള സാഹിത്യ ചരിത്ര സംഗ്രഹം
(D) കേരള ഭാഷാസാഹിത്യ ചരിത്രം, ഭാഷാസാഹിത്യ ചരിത്രം, മലയാള സാഹിത്യ ചരിത്ര സംഗ്രഹം, മലയാള ഭാഷാ ചരിത്രം

**34.** കുടിലിൽ നിന്നൊരു പുല്ലാങ്കുഴലാൽ
നെടിയ സാമ്രാജ്യമൊന്നു നീ തീർത്തു
നിജ മനോജ്ഞമാം സ്നേഹസാമ്രാജ്യ
പ്രജകളായ് ഞങ്ങൾ കപ്പം കൊടുത്തു.

– പി. ഭാസ്ക്കരന്റെ ഈ വരികൾ ആരെക്കുറിച്ചാണ് ?

(A) ചങ്ങമ്പുഴ (B) കുമാരനാശാൻ
(C) വൈലോപ്പിള്ളി (D) വയലാർ

**35.** നേർച്ചക്കോഴി, കോഴി എന്നീ രചനകൾ ആരുടേതൊക്കെയാണ് ?

(A) ജോൺ എബ്രഹാം, ആനന്ദ് (B) ജോൺ എബ്രഹാം, വി.കെ.എൻ.
(C) ജോൺ എബ്രഹാം, കാക്കനാടൻ (D) ആനന്ദ്, കാക്കനാടൻ

**36.** രചയിതാവിന്റെ അടിസ്ഥാനത്തിൽ താഴെ കൊടുത്തിരിക്കുന്നവയിൽ യോജിക്കാത്തത്

(A) ആര്യവർത്തം (B) നരകവാതിൽ
(C) ദേവീഗ്രാമം (D) റെയിൻഡിയർ

**37.** ജീവിത വിജയം നേടാൻ ദരിദ്രമായ നാട്ടിൻപുറത്തെ ഉപേക്ഷിച്ച് സമ്പന്നമായ നഗരത്തെ ആശ്രയിക്കുക – ആരുടെ കഥാപാത്രങ്ങളുടെ രീതിയാണ്.

(A) ഉറൂബ് (B) കാക്കനാടൻ
(C) എം.ടി. വാസുദേവൻ നായർ (D) ആനന്ദ്

**38.** ജലമലിനീകരണം, അടിയന്തരാവസ്ഥ എന്നിവ പ്രമേയമായ നോവലുകൾ

(A) ആദി, ആന്ധകാരനഴി (B) നാലുകെട്ട്, ആദി
(C) ആദി, മാറ്റാത്തി (D) ആദി, മരുഭൂമികൾ ഉണ്ടാകുന്നത്

**39.** മലയാള ചെറുകഥയുടെ ചരിത്രമെഴുതിയവർ

(A) എം. പി. പോൾ, എം. അച്യുതൻ
(B) എം. അച്യുതൻ, എം. എം. ബഷീർ
(C) എം. ടി. വാസുദേവൻ നായർ, കെ. എസ്. രവികുമാർ
(D) വി. രാജകൃഷ്ണൻ, സുനിൽ പി. ഇളയിടം

**40.** തനതു നാടക വേദിക്കു കാരണമായ 'ആഥന്റിക് നാടകസങ്കല്പം' സങ്കേത സംജ്ഞാരൂപത്തിൽ ആദ്യമായി അവതരിപ്പിച്ചത്

(A) വയലാ വാസുദേവൻ പിള്ള (B) ജി. ശങ്കരപ്പിള്ള
(C) എം. ഗോവിന്ദൻ (D) കാട്ടുമാടം നാരായണൻ

**41.** സ്ത്രീകൾക്കുവേണ്ടി സ്ത്രീ എഴുതി സ്ത്രീകൾതന്നെ അഭിനയിച്ച ആദ്യ മലയാള നാടകം.

(A) സുഭദ്രാർജ്ജുനം (B) അബല
(C) സാവിത്രി അഥവാ വിധവാ വിവാഹം (D) തൊഴിൽ കേന്ദ്രത്തിലേക്ക്

**42.** അനുഷ്ഠാനാംശങ്ങൾ നാടകത്തിൽ സന്നിവേശിപ്പിക്കുന്നതിന്റെ തുടക്കം എന്നു പറയാവുന്ന 'വസൂരി ഒഴിപ്പിക്കൽ മന്ത്രവാദ'ത്തിന്റെ ആഖ്യാനം ഉള്ള നാടകം

(A) എബ്രായക്കുട്ടി (B) മറിയാമ്മാ നാടകം
(C) ചന്ദ്രിക (D) കല്യാണീ നാടകം

**43.** പ്രസംഗ വേദിയിലെ ഗോഥിക് രൂപമെന്ന് കെ.പി. അപ്പൻ വിശേഷിപ്പിച്ച നിരൂപകൻ

(A) മുണ്ടശ്ശേരി
(B) സുകുമാർ അഴീക്കോട്
(C) എൻ. കൃഷ്ണപിള്ള
(D) എം. എൻ. വിജയൻ

**44.** ചേരുംപടി ചേർക്കുക.

| **പട്ടിക – I** | **പട്ടിക – II** |
|---|---|
| a. ചാപ്പാകുരിശ് | 1. അഞ്ജലി മേനോൻ |
| b. ട്രാഫിക് | 2. ഉണ്ണി ആർ. |
| c. ട്രിവാൻഡ്രം ലോഡ്ജ് | 3. അലി അക്ബർ |
| | 4. അനൂപ് മേനോൻ |
| d. ബാംഗ്ലൂർ ഡെയ്സ് | 5. ബോബി, സഞ്ജയ് |

(A) a 5, b 2, c 3, d 1
(B) a 5, b 3, c 2, d 1
(C) a 2, b 5, c 4, d 1
(D) a 4, b 2, c 3, d 5

**45.** മലയാളം ലക്സിക്കൺന്റെ പ്രഥമ എഡിറ്റർ

(A) ശൂരനാടു കുഞ്ഞൻ പിള്ള
(B) കെ. വി. നമ്പൂതിരിപ്പാട്
(C) പി. സോമശേഖരൻ നായർ
(D) ഇളംകുളം കുഞ്ഞൻപിള്ള

താഴെ കൊടുത്തിരിക്കുന്ന ഉപന്യാസഭാഗം വായിച്ച് തുടർന്നുവരുന്ന ചോദ്യങ്ങൾക്ക് ഉത്തരം അടയാളപ്പെടുത്തുക.

നാം ഇന്നിവിടെ പരിഗണിക്കുന്നത്, നാടകസാഹിത്യമാണ്. മറ്റേതു സർഗ്ഗാത്മകസാഹിത്യ കൃതിയും ജന്മംകൊള്ളുന്നതിനിടയാക്കുന്ന ആന്തര പ്രേരണകളും സമ്മർദ്ദങ്ങളുമല്ലാതെ നാടക സാഹിത്യത്തിനു പ്രത്യേകമായി എന്തെങ്കിലുമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അതുപോലെ തന്നെ, ആത്യന്തികമായ നാടകലക്ഷ്യവും ഈ സാഹിത്യങ്ങളുടെ ലക്ഷ്യത്തിൽനിന്ന് ഭിന്നമെന്നു തോന്നുന്നില്ല. സാന്ദ്രഘനവും ധന്യവും ഉത്കൃഷ്ടവും അസാധാരണവും – അലൗകികമെന്നാണ് പണ്ടുള്ളവർ പറഞ്ഞിരുന്നത് – ആയ ഒരനുഭൂതി അനുവാചകരിൽ സംക്രമികപ്പിക്കുകയോ സംജനിപ്പിക്കുകയോ ആണ് ആ ലക്ഷ്യം. ഉത്പത്തിയുടെയും ലക്ഷ്യത്തിന്റെയും നടുക്കുള്ള നാടക കർത്താവിന്റെ ലക്ഷ്യോന്മുഖകർമ്മം, അഥവാ സൃഷ്ടിപോലും ഏറിയൊരളവിൽ മറ്റു സാഹിത്യങ്ങളുടെ ലക്ഷണമൊത്തതുതന്നെ. സാഹി-ത്യത്തിന്റെ അസംസ്കൃതാധാരം ജീവിതംതന്നെയാണെങ്കിലും, സാഹിത്യത്തിലെ മനുഷ്യരോ അവരുടെ വ്യാപാരങ്ങളോ ഭാവങ്ങളോ അവർ നേരിടുന്ന സന്ദർഭങ്ങളോ അവരോ അവരെക്കുറിച്ചോ പ്രയോഗിക്കുന്ന ഭാഷയോ, യഥാർത്ഥ ജീവിതത്തിലേതാകാതിരിക്കത്തക്കവിധം അവയ്ക്കെല്ലാം അസാധാരണത്വം അലൗകികത്വം നല്കുക – പകർത്തലിനു പകരം എന്തെങ്കിലും സൃഷ്ടിക്കാനുള്ളവർക്ക് ഇതാണ് ചെയ്യേണ്ടിവരിക. ഇങ്ങനെ അലൗകിക ഘടകങ്ങൾ, അലൗകികമായ രീതിയിലും അനുപാതത്തിലും കൂടിക്കലർന്നു രൂപംകൊള്ളുന്ന അലൗകികവസ്തുവിൽനിന്നു മാത്രമേ മേല്പറഞ്ഞ സവിശേഷമായ അലൗകികാനുഭൂതി ഉദയം ചെയ്യുകയുള്ളൂ. പണ്ടത്തെ സാങ്കേതികവാക്കുകളുപയോഗിക്കുകയാണെങ്കിൽ, ലോകധർമ്മികളെ, നാട്യധർമ്മികളാക്കുക എന്ന നാടകത്തിലെ അനുപേക്ഷണീയപ്രക്രിയ, എല്ലാ സർഗ്ഗാത്മക സാഹിത്യത്തിലും ഏറിയോ കുറഞ്ഞോ സംഭവിക്കാതെ വയ്യ, ഉദ്ദിഷ്ടഫലം സിദ്ധിക്കണമെങ്കിൽ, നാട്യധർമ്മി എന്ന പേര് മറ്റു കലകളിൽ കലാധർമ്മി എന്നു വികസിപ്പിക്കേണ്ടിവരുമെന്നു മാത്രം. ഏതെല്ലാമുപായങ്ങൾ സ്വീകരിച്ചാണ് ലോകധർമ്മിയെ നാട്യധർമ്മിയാക്കുക എന്നൊരു ഡാപ്പൊഴുതി ഒപ്പിക്കാൻ പറ്റുകയില്ല. പ്രതിഭാവിലാസത്തിന്റെ ആനന്ത്യവും ലോകധർമ്മികളുടെ

വൈവിധ്യാധിക്യവും നോക്കുമ്പോൾ വിശദാവബോധമുള്ളവർ ആ വൃഥാ യത്നത്തിനു മുതിരുകയുമില്ല. നാച്ചുറലിസ്റ്റെന്നോ റിയലിസ്റ്റെന്നോ പേരുകളുമിട്ട് ജീവതത്തോട് മുട്ടിയുരുമ്മി നില്ക്കുന്നു എന്നു വിളിക്കാറുള്ള സാഹിത്യം തൊട്ട് ജീവിതത്തിന്റെ ഓളപ്പരപ്പുമായി ബന്ധലേശമില്ലാത്ത സർറിയലിസ്റ്റോ അബ്സേർഡിസ്റ്റോ സാഹിത്യം വരെ പരിശോധിച്ചാൽ, ലോകധർമ്മിയെ കലാധർമ്മിയാക്കുന്ന പ്രക്രിയ എല്ലാറ്റിലും അനിവാര്യമെന്നു കാണാം. അതിന്റെ അഭാവം കാണുന്നിടത്ത് നാടകമേയില്ല, സാഹിത്യമേയില്ല, കലയേയില്ല. വലിയ അന്തരമുണ്ടെന്നു തോന്നിക്കുമാറ്, മാറിത്തിരിഞ്ഞുനില്ക്കുന്ന ഈ രണ്ടിനം കൃതികൾക്കും ലക്ഷ്യമൊന്നേയുള്ളൂ; ലക്ഷ്യമൊന്നേ ആകാൻ പാടുള്ളൂ – അവ കലാസൃഷ്ടികളാകണമെങ്കിൽ. മുമ്പു പറഞ്ഞ അലൗകികവും ധന്യവുമായ അനുഭൂതി – വീണ്ടുമൊരു നല്ല പഴയ വാക്ക് അതിന്റെ സമ്പൂർണ്ണമായ അർത്ഥവ്യാപ്തിയോടെ പറയട്ടെ – രസാനുഭൂതി. ആ ലക്ഷ്യമില്ലാത്തിടത്ത്, ചെല്ലുന്നേടത്തു ചെല്ലട്ടെ എന്ന മട്ടിൽ എന്തെങ്കിലും തുടരെ ചെയ്തുകൂട്ടി ഒടുവിൽ എവിടെയോ ചെന്നിട്ട്, ഇവിടെയാണ് ഞാൻ വരാനൊരുങ്ങിയത് എന്ന നാട്യത്തിൽ ഒരു സാഹിത്യകാരൻ തടിതപ്പുന്നതുകൊണ്ട് അയാൾക്ക് നേടാനൊന്നുമില്ല. ലക്ഷ്യത്തെക്കുറിച്ചു ബോധമുണ്ടായിരുന്നാൽത്തന്നെ, ലോകധർമ്മിയെ കലാധർമ്മിയാക്കുന്ന ഉദ്യമത്തിൽ നിരന്തരം ജാഗരൂകനായി സമർപ്പിതബുദ്ധിയായി പ്രവർത്തിച്ചുകൊണ്ടിരുന്നില്ലെങ്കിൽ, നാടകകാരൻ അനുവാചകരെ നയിക്കുന്നത് അബദ്ധങ്ങളിലൂടെയും എത്തിക്കുന്നത് വ്യർത്ഥതാബോധത്തിലുമായിരിക്കും. ലോകധർമ്മിയെ അതിന്റെ എല്ലാ മാനങ്ങളിലും കാണാൻ കണ്ണുണ്ടായിരുന്നില്ലെങ്കിൽ, വികലദർശനഫലമായി ഉണ്ടാകുന്ന വസ്തുരൂപാന്തരം അവിശ്വാസ്യവും അർത്ഥഹീനവുമാവും. ആ ദർശനം എത്ര സത്യമായിരുന്നാലും ആ കാഴ്ചക്കഴിവ് ഒരിക്കലും സൃഷ്ടിശക്തിക്കു പകരം വയ്ക്കാൻ പറ്റുകയില്ല. ആ സൃഷ്ടിശക്തിയാണ്, ലൗകികവികാരങ്ങളെ കറയും പിശിടും മാറ്റി കലയിലെ ഭാവങ്ങളാക്കി മാറ്റുന്നത്; ആ ഭാവങ്ങളിലൊന്നിനെ കൃതിയിലെ സ്ഥായിഭാവമാക്കുകയും, മറ്റു ഭാവങ്ങളെക്കൊണ്ട് അതിനെ പോഷിപ്പിച്ച് രസമായ പ്രേക്ഷകനെക്കൊണ്ടനുഭവിപ്പിക്കുകയും ചെയ്യുന്നത്. ആ ശക്തിയുടെ വിദഗ്ദ്ധോപകരണമായി മാറ്റുകയാണ്, ആവുന്നത്ര സ്ഫുടം ചെയ്തെടുത്ത വാങ്മയം. ജീവിതമേ അസംബന്ധങ്ങളുടെയും അയുക്തികളുടെയും കുമ്പാരമാണെന്ന ദർശനത്തെ ആവഹിക്കുന്ന കൃതിയും, കലാകോടിയിൽ പ്രതിഷ്ഠിതമായിട്ടുണ്ടെങ്കിൽ, അതിന്റെ മുകൾപ്പരപ്പിൽ കാണാകുന്ന ശ്ലഥബന്ധങ്ങൾക്കും അയുക്ത്യാഭാസങ്ങൾക്കും നിരർത്ഥവസ്തുഘടനാപ്രതീതിക്കുമിടയിൽ, വിവിധ സർഗ്ഗഘടകങ്ങളുടെ ഏക ലക്ഷ്യോന്മുഖമായ വിന്യാസവും തജ്ജന്യമായ രൂപസാമഗ്ര്യവും സൂക്ഷ്മദൃഷ്ടികൾക്കു കാണാൻ കഴിയും.

നാടകസാഹിത്യസംബന്ധിയെന്നു നേരത്തെ സൂചിപ്പിച്ച ഈ ഉപന്യാസത്തിൽ ഇതുവരെപ്പറഞ്ഞതെല്ലാം വാസ്തവത്തിൽ സർവ്വസാഹിത്യസാമാന്യമാണ്. ആ സാമാന്യത്തെ ധിക്കരിക്കുകയോ വിസ്തരിക്കുകയോ ചെയ്തുകൊണ്ട് നാടകത്തിന് വെട്ടിത്തിരിഞ്ഞങ്ങു നിന്നുകളയാൻ പറ്റില്ല. എന്നല്ല, ഈ വിചാരത്തെ ഒഴിവാക്കിക്കൊണ്ട്, സാഹിത്യേതരമായ നാടകീയ ഘടകങ്ങളിലേക്കു കടക്കാനും സാദ്ധ്യമല്ല. നാടകകർത്താവ് സൃഷ്ടിയെ നേരിട്ട് അനുവാചകന്റെ മുമ്പിൽ സമർപ്പിക്കുന്നില്ലെന്നും അയാൾ അതേല്പിച്ചു കൊടുക്കുകയോ അയാളിൽനിന്ന് അത് ഏറ്റുവാങ്ങുകയോ ചെയ്യുന്നത്, നാട്യ കലാകാരന്മാരും അവരെ നയിക്കുന്ന സൂത്രധാരനുമാണെന്നും അഭിനയകല അംഗിയായും മറ്റു ചില കലകൾ അംഗങ്ങളായും പ്രവർത്തിച്ചാണ്, പ്രേക്ഷകനിൽ നാടകത്തെ എത്തിച്ചുകൊടുക്കുന്നതെന്നും പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. ആംഗികവാചികസാത്ത്വികാഹാര്യങ്ങളുൾപ്പെട്ട അഭിനയം കൈകാര്യം ചെയ്യുന്ന കലാകാരന്മാർ മുന്നണിയിലും, സംഗീതാദികൾ പിന്നണിയിലുമായി, ഒരുക്കിയിട്ടുള്ള രംഗവേദി എന്ന മാധ്യമത്തിലൂടെ, നാടകകൃത്തു കൈമാറിക്കടന്നുവരുന്ന നാടകം, രസനീയമായി പരിണമിക്കുന്നു. രംഗവേദിയിലെ എല്ലാ വകുപ്പുകളിലുംപെട്ട കലാകാരന്മാർ, സാഹിത്യകാരൻ സ്വന്തം സർഗ്ഗമാധ്യമങ്ങളിലൂടെയെന്നപോലെ, ലോകധർമ്മിയെ നാട്യധർമ്മിയും തദ്വാരാ

അലൗകികവുമാക്കാൻ തങ്ങളുടെ മാധ്യമങ്ങളെ അനുപദം വ്യാപരിപ്പിക്കുന്നു. ജീവിതത്തിലെ ഒരു മൗലികവികാരത്തെ, ഒരർത്ഥത്തിൽ സാധാരണീകരിച്ചും, മറ്റൊരർത്ഥത്തിൽ അസാധാരണീകരിച്ചും നാടകീയഭാവമായി ഉന്നമിപ്പിച്ച് പ്രമുഖമാക്കി, അപ്രകാരം പരിവർത്തനം ചെയ്യിച്ച് ഭാവപദവിയിലെത്തിച്ച മറ്റു വികാരങ്ങളുടെ പിൻബലത്തോടെ നാടകത്തിലെ ആത്യന്തിക ലക്ഷ്യമായ പൊരുളിനെ ജീവിതാവബോധത്തെ പ്രേക്ഷകന്റെനേർക്ക് (അഭി) മന്ദമന്ദമെങ്കിലും ഒരിക്കലും നിശ്ചലമാകാതെ, നയിക്കുകയാണ് അഭിനയത്തിന്റെയും അംഗകലകളുടെയും ധർമ്മം. ആ ധർമ്മങ്ങളെ യഥോചിതം സമന്വയിക്കുന്നതിനും പ്രകാശിപ്പിക്കുന്നതിനുമാണ് സൂത്രധാരൻ എന്ന കലാകാരൻ, അരങ്ങത്തുള്ളത്. പടപണ്ടാരങ്ങൾ പലതും അപ്പപ്പോഴുള്ള ഓരാനച്ചന്തത്തിനുവേണ്ടി കാട്ടിക്കൂട്ടിയിട്ട്, അവയാൽ അഭിവ്യക്തമാക്കപ്പെടാൻ കഴമ്പുള്ള ഒന്നുംതന്നെയില്ലാതെ വരുന്ന ദയനീയ സ്ഥിതി നാടകത്തിൽ വരിക, കല്യാണം ഘോഷിച്ചു താലിക്കെട്ടാൻ മറന്നുപോകുന്നതിനു തുല്യമാണ്. നാടകത്തിലെ യാതൊരു വസ്തുവും രസാവിഷ്കരണത്തിന്, അതായത്, സ്ഥായിഭാവത്തിന്റെ അനുക്രമവികാസത്തിനു വേണ്ടിയല്ലാതെ പ്രവർത്തിക്കുന്നില്ലെന്നും പ്രവർത്തിച്ചുകൂടെന്നും ഒറ്റവാക്യത്തിലും നാട്യശാസ്ത്രത്തിൽ അദ്ധ്യായംപ്രതി നാടകഘടകവിചിന്തനം ചെയ്യുന്നിടത്തെല്ലാം ആ അംഗങ്ങളുടെ രസാപേക്ഷ നൂറുതവണ പറഞ്ഞിട്ടുള്ള ഘട്ടങ്ങളിലും, ഭരതൻ ഉന്നിയതും ഊന്നിയതും ഞാനിവിടെ ആവർത്തിച്ചു എന്നേയുള്ളൂ. ഭരതനും പിൻഗാമികളായ നടകചിന്തകരും തുടരെത്തുടരെ പ്രഖ്യാപിക്കുന്ന രസഭാവനൈരന്തര്യം, പഞ്ചസന്ധികൾ, രസാഭിവ്യക്ത്യപേക്ഷയാമാത്രം ചെയ്യേണ്ട സന്ധിസന്ധ്യാംഗഘടനം, ഇതിവൃത്തത്തിന്റെ ഏക ലക്ഷ്യോന്മുഖമായ ക്രമപ്രവൃത്തി എന്നിവയിൽനിന്ന് എത്രയോ തെന്നിമാറി സംസ്കൃതനാടകത്തെ വിവിധവർണ്ണാഞ്ചിതങ്ങളായ വിഷയശതങ്ങൾ തൂക്കിയിടാനുള്ള അയക്കോലാക്കി മാറ്റിയിട്ടുള്ള കേരളത്തിലെ കൂടിയാട്ടം കണ്ടിട്ട്, ഇന്ത്യയിൽ മറ്റെങ്ങും പ്രഹതമായ ഒരു സംസ്കൃതനാടകപ്രയോഗക്രമം നടപ്പിലില്ലെന്ന കാരണത്താൽ, കൂടിയാട്ടത്തെ സംസ്കൃതനാടകമെന്നു ഭ്രമിച്ചുവശാവുകയാണെങ്കിൽ, നമ്മുടെ പൂർവ്വികരായ കലാചിന്തകരുടെയും നാടകകർത്താക്കളുടെയും ആത്മാക്കൾ ആ വിഭ്രമം പൊറുക്കുമെന്നു തോന്നുന്നില്ല. കൂടിയാട്ടം കിളിർത്തുണ്ടാകാൻ സംസ്കൃതനാടകം വഴിവച്ചെന്നു പറയാമെങ്കിലും അതിന്റെ ചേരുവയിലും വളർച്ചയിലും പല വിദേശീയ ഘടകങ്ങളും പങ്കുവഹിച്ചിട്ടുണ്ടെന്നു തീർച്ച. അതിനാൽ കൂടിയാട്ടം കൂടിയാട്ടമായിരിക്കട്ടെ; സംസ്കൃതനാടകം സംസ്കൃതനാടകമായും. നാടകത്തിന്റെ ഭാരതീയസങ്കല്പങ്ങളറിയാൻ നമുക്കു വിശ്വസ്തരായ വഴികാട്ടികളായി സംസ്കൃതനാടകങ്ങളും സംസ്കൃതനാടകചിന്തകളും മാത്രമേ സ്വീകാര്യമാകാൻ പാടുള്ളൂ എന്നാണ് എന്റെ അഭിപ്രായം.

പറഞ്ഞുവന്നതുമായി ബന്ധപ്പെട്ട മറ്റൊരു വിഷയംകൂടി സൂചിപ്പിക്കട്ടെ. അഭിനയം സാഹിത്യാനുപേക്ഷമായി സ്വതന്ത്രമായി പ്രയോഗിക്കപ്പെടാവുന്ന ഒരു കലയല്ലേ ? – ചിത്രരചനയും സംഗീതവും മറ്റുംപോലെ. ഒരുപക്ഷേ, അഭിനയത്തിന് അംഗികലകൾ കൂടിയേ തീരു എങ്കിൽ, അതിനു ഗീതവും നൃത്തവും ആലേഖ്യകലയും ആകാമല്ലോ, സാഹിത്യത്തെ ഒഴിവാക്കിക്കൊണ്ടുതന്നെ. കഥകളിയിലെ തന്റേടങ്ങൾ – സ്വർഗ്ഗലോകവർണ്ണനയും തപസ്സാട്ടവും അങ്ങനെ മറ്റു പലതും ഈ സന്ദർഭത്തിൽ സ്മരിക്കുക. ഒന്നുകൂടി സ്മരിക്കുക. കഥകളിയും നാടകവും സമ്മോഹനദൃശ്യകലകളാണ്. പക്ഷേ, ആ സമ്മോഹനദൃശ്യകലകൾ രണ്ടും രണ്ടുതന്നെയാണ് – വിഭാവനത്തിലും വിരചനത്തിലും ഒന്നു മറ്റൊന്നിനു പകരംവയ്ക്കാവുന്നതല്ല. കൂട്ടത്തിൽ പറയുകയാണ്, പ്രസ്തുത തന്റേടാട്ടങ്ങളിൽ പലതിന്റെയും പുറകിൽ നാം പാടിക്കേൾക്കാത്ത സരസസാഹിത്യഖണ്ഡങ്ങൾ എത്രവേണമെങ്കിലുമുണ്ട്. അവയുടെ ശോഭാകരത്വത്തിന് ആ അന്തർലീനഘടകങ്ങൾ നിശ്ശബ്ദം സഹായിക്കുന്നുണ്ടെന്ന കാര്യം ആർക്കു വിസ്മരിക്കാനാവും ? അതെങ്ങനെ ആയാലും, സാഹിത്യത്തിന്റെ സഹവർത്തിത്വം കൂടാതെ അഭിനയത്തിനും മറ്റു കലകൾക്കും നാടകത്തിൽ അസ്തിത്വമില്ലതന്നെ.

ശേഷിക്കുന്ന ഒരു കാര്യം, ഈ കുറിപ്പിൽ ഇതുവരെ പറഞ്ഞതിൽനിന്നുള്ള ഒരു സ്വാഭാവിക നിഗമനമാണ്, നാടകസാഹിത്യം, ഏതംശത്തിൽ ഇതരസാഹിത്യങ്ങളിൽനിന്നു മുഖ്യമായും വ്യതിരിക്തമായിരിക്കുന്നു ? തന്നിൽനിന്നു നാടകത്തെ ഏറ്റുവാങ്ങുന്ന അഭിനേതാക്കളുടെയും മറ്റു കലാകാരന്മാരുടെയും സഹജമായ ഭാവാവിഷ്കരണസാദ്ധ്യതകളെത്രത്തോളമെന്നു വിഭാവനം ചെയ്തും, അതോടൊപ്പം ആ കലകളുടെ പരിമിതികൾ കൂടി മനസ്സിലാക്കിയും, തന്റെ കലാപ്രയോഗം അവരുടെ ആവിഷ്കരണ രീതികളുമായി പിശകുകയോ മല്ലടിക്കുകയോ ഇടങ്കേറുണ്ടാക്കുകയോ ചെയ്യാതെയും വേണം, നാടകകർത്താവ് സാഹിത്യം സൃഷ്ടിക്കേണ്ടത്.

**46.** കൂടിയാട്ടവും സംസ്കൃത നാടകവും ഒന്നല്ല; രണ്ടും രണ്ടു തന്നെയാണെന്ന സ്ഥാപിക്കുന്നതിന്റെ കാരണം

(A) കൂടിയാട്ടത്തിനു ജനപ്രിയതയില്ല.
(B) ചതുർവിധാഭിനയങ്ങളുടെ സമ്മേളനമില്ല.
(C) കൂടിയാട്ടത്തിന്റെ ചേരുവയിലും വളർച്ചയിലും പല വിദേശീയ ഘടകങ്ങളുടെയും പങ്കാളിത്തമുണ്ട്.
(D) സംഗീത നിബന്ധനത്തിനു പരിമിതിയുണ്ട്.

**47.** നാടകത്തിന്റെ അനുപേക്ഷണീയ ഘടകങ്ങൾ

1. രസഭാവനൈരന്തര്യം
2. പഞ്ച സന്ധികൾ
3. സന്ധി സന്ധ്യംഗഘടനവും ഇതിവൃത്തത്തിന്റെ ഏകലക്ഷ്യോന്മുഖമായ ക്രമ പ്രവൃത്തിയും
4. ഇതിഹാസ-പുരാണ കഥാബന്ധം

(A) 1ഉം 4ഉം ശരി (B) 1ഉം 2ഉം മാത്രം ശരി
(C) 4 മാത്രം ശരി (D) 1ഉം 2ഉം 3ഉം ശരി

**48.** നാടകത്തിലെ എല്ലാ ഘടകങ്ങളും പ്രവർത്തിക്കുന്നത്

(A) ലോകധർമ്മി സൃഷ്ടിക്കാൻ
(B) നാട്യധർമ്മി സൃഷ്ടിക്കാൻ
(C) സ്ഥായിഭാവത്തിന്റെ അനുക്രമവികാസത്തിന്
(D) ആലംബന ഉദ്ദീപനങ്ങൾക്ക്

**49.** നാടക സാഹിത്യവും ഇതര സാഹിത്യങ്ങളും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാട്ടുന്നതിൽ നിഴലിക്കുന്ന ദർശനം

(A) പാഠത്തിനുള്ള പരമ പ്രാധാന്യം
(B) പാഠം പ്രയോഗ സാധ്യതയ്ക്കു വേണ്ടിയാകണം
(C) നാടക സാഹിത്യം സരസ സാഹിത്യബന്ധമാകണം
(D) ധ്വന്യാത്മകത പുലർത്തണം

**50.** കലാസൃഷ്ടിയുടെ ഉദാത്തതയ്ക്കു ആധാരം

(A) ലോകധർമ്മിയെ കലാധർമ്മിയാക്കുന്ന പ്രക്രിയ
(B) ലോകധർമ്മി കൂടുതൽ ജ്വലിപ്പിക്കൽ
(C) സൃഷ്ടിയുടെ ജീവിതബന്ധം
(D) തൗര്യത്രികത്തിന്റെ സമ്മേളനം

**Space For Rough Work**